**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5016 **24/07/2015 -ൽ മറുപടിയ്ക്ക്**

## ഐ.റ്റി.ഐ.കളുടെ നിലവാരം ഉയർത്താൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. സണ്ണി ജോസഫ് | | **ശ്രീ.എ.പി. അനിൽകുമാർ,**<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ കളുടെ നിലവാരം ഉയർത്താനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി നേടിയെടുക്കാൻ ഉദ്ദേശിക്കുന്നത്; | ബി) | a) വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ കളിൽ അനുയോജ്യമല്ലാത്ത ട്രേഡുകൾക്ക് പകരം അനുയോജ്യമായതും ജോലി സാധ്യതയും ഉള്ളതുമായ ട്രേഡുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിച്ച് റീ വാമ്പിംഗ് ഓഫ് ഐ.ടി.ഐ എന്ന പരിപാടിയിൽ ഉൾപ്പെടുത്തി കോഴ്സുകൾ ആരംഭിക്കുക, ആദ്യഘട്ടത്തിൽ 20 ഐ.ടി.ഐ.കൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>b) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന അപ്ഗ്രഡേഷൻ ഓഫ് ഗവൺമെന്റ് ഐ.റ്റി.ഐ ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പിന്റെ ഐ.ടി.ഐ കളായ ഏലത്തൂർ(കോഴിക്കോട്), മംഗലം(പാലക്കാട്), പന്തളം(പത്തനംതിട്ട), മര്യാപുരം (തിരുവനന്തപുരം) എന്നീ ഐ.ടി.ഐ കളിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുക<br>c)പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നത് ഉദ്ദേശിച്ച് 8 ഐ.ടി.ഐ.കൾ എം.ആർ.ഐ.ടി.ഐ ആക്കി ഉയർത്തുക<br>d) ഐ.ടി.ഐ.കളിൽ വിവിധ ട്രേഡുകളിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ട്രേഡിൽ പരിജ്ഞാനം നേടുന്നതിനോടൊപ്പം തന്നെ കമ്പ്യൂട്ടർ പരിജ്ഞാനവും നേടുന്നതിലേക്കായി എല്ലാ ഐ.റ്റി.ഐ.കളിലും 10 കമ്പ്യൂട്ടറുകൾ വീതം നൽകി കമ്പ്യൂട്ടർ പരിശീലനം നൽകുക. |

| | | | |
|---|---|---|---|
| സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | സി) | കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അനുമതി, ഇൻസ്ട്രക്ടർമാർ/അദ്ധ്യാപകർ എന്നിവരുടെ നിയമനം, ആവശ്യമായ ഹോസ്റ്റൽ, ജീവനക്കാരുടെ നിയമനം എന്നിവ സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.